**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 15** **01-02-2023 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പ്രവർത്തന മികവിന് പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ എം രാജഗോപാലൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മികച്ച പ്രവർത്തനം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി പ്രത്യേക പുരസ്കാരങ്ങളും സമ്മാനങ്ങളും നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്ത് മികച്ച പ്രവർത്തനം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി സ്വരാജ് ട്രോഫി, നവകേരള പുരസ്കാരം, ആർദ്ര കേരളം പുരസ്കാരം, മഹാത്മ പുരസ്കാരം, മഹാത്മ അയ്യങ്കാളി പുരസ്കാരം എന്നിവ നൽകിവരുന്നുണ്ട്.<br><br>**സ്വരാജ് ട്രോഫി**<br><br>പദ്ധതി ആസൂത്രണ നിർവ്വഹണത്തിലെയും ഭരണ നിർവ്വഹണത്തിലെയും മികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മികച്ച പ്രവർത്തനം നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി എല്ലാ വർഷവും മികച്ച ഗ്രാമപഞ്ചായത്തുകളെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തെരഞ്ഞെടുത്ത് ട്രോഫിയും ക്യാഷ് അവാർഡും സാക്ഷ്യപത്രവും നൽകി വരുന്നു.<br><br>മികച്ച ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളെ സംസ്ഥാന തലത്തിൽ തെരഞ്ഞെടുത്ത് ട്രോഫിയും ക്യാഷ് അവാർഡും സാക്ഷ്യപത്രവും നൽകി വരുന്നു. മുനിസിപ്പാലിറ്റികളെയും കോർപ്പറേഷനുകളെയും സംസ്ഥാന തലത്തിൽ തെരഞ്ഞെടുത്ത് ട്രോഫിയും സാക്ഷ്യപത്രവും നൽകി വരുന്നു.<br><br>**നിലവിൽ സംസ്ഥാന തലത്തിൽ നൽകുന്ന സ്വരാജ് ട്രോഫി അവാർഡ് തുക (രൂപ ലക്ഷത്തിൽ) യുടെ വിശദാംശങ്ങൾ.** |

| സ്ഥാപനം | 1-ാം സ്ഥാനം | 2-ാം സ്ഥാനം | 3-ാം സ്ഥാനം |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 25 | 20 | 15 |
| ബ്ലോക്ക് പഞ്ചായത്ത് | 25 | 20 | 15 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>ജില്ലാ പഞ്ചായത്ത്</td><td>25</td><td>20</td><td>-</td></tr>
</table>
ജില്ലാ തലത്തിൽ ഒന്ന് രണ്ട് സ്ഥാനങ്ങളിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം 10 ലക്്ഷം രൂപ, 5 ലക്ഷം രൂപ ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.
<u>നവകേരള പുരസ്കാരം</u>
ഖരമാലിന്യ സംസ്കരണത്തിലെ മികവിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നവകേരള പുരസ്കാരം എന്ന പേരിൽ ശുചിത്വ പുരസ്കാരം നൽകിവരുന്നുണ്ട്. 2 ലക്ഷം രൂപയും പ്രശംസാപത്രവും അടങ്ങുന്നതാണ് പുരസ്കാരം.
ഖരമാലിന്യ സംസ്കരണത്തിന് ഫലപ്രദമായ സൗകര്യങ്ങളൊരുക്കിയ ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് ജില്ലാതലത്തിൽ പുരസ്കാരം നൽകുക.
<u>ആർദ്രകേരളം പുരസ്കാരം</u>
ആരോഗ്യമേഖലയിൽ മികച്ച പ്രകടനം കാഴ്ചവക്കുന്ന തദ്ദേശസ്ഥാപനങ്ങൾക്കുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്കാരമാണ് ആർദ്രകേരളം പുരസ്കാരം.
തദ്ദേശസ്ഥാപനങ്ങൾ ആരോഗ്യമേഖലയിൽ നടത്തുന്ന രോഗീ സൗഹൃദ പ്രവർത്തനങ്ങൾ, മലിനീകരണ നിയന്ത്രണം, ആരോഗ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ തുടങ്ങിയവ വിലയിരുത്തിയാണ് പുരസ്കാരത്തിന് അർഹരായവരെ കണ്ടെത്തുന്നത്.
സംസ്ഥാനതല, ജില്ലാതല അവാർഡുകളാണ് നൽകുന്നത്. സംസ്്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടുന്ന പ്രാദേശിക സർക്കാരിന് 10 ലക്ഷം രൂപയും രണ്ടാം സ്ഥാനം നേടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് 7 ലക്ഷം രൂപയും മറ്റുള്ളവയക്ക് 5 ലക്ഷം രൂപയും വീതമാണ് പുരസ്കാരം. മൂന്നാം സ്ഥാനം നേടുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് 6 ലക്ഷം രൂപയും മറ്റുള്ള വക്ക് 3 ലക്ഷം രൂപ വീതവും ലഭിക്കും.
ജില്ലയിലെ മികച്ച പ്രകടനം നടത്തുന്ന ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം ഒന്ന് രണ്ട് മൂന്ന് സ്ഥാനം നേടുന്നവർക്ക് 5ലക്ഷം, 3 ലക്ഷം, 2 ലക്ഷം രൂപ ക്രമത്തിൽ പുരസ്കാരം ലഭിക്കും.
</td>
</tr>
<tr>
<td>(ബി)</td>
<td>പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പ്രവർത്തന മികവ് പരിശോധിക്കുന്നതിന്റെ മാനദണ്ഡം പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; മികവിനെ അടയാളപ്പെടുത്തി റാങ്ക് നിശ്ചയിച്ച് പ്രത്യേക പദവികൾ നൽകുന്നതിന്</td>
<td>(ബി)</td>
<td>
പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പ്രവർത്തന മികവ് പരിശോധിക്കുന്നതിന്റെ മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിച്ചുവരുന്നു.
മികവിന്റെ അടിസ്ഥാനത്തിൽ സ്റ്റാർ റേറ്റിങ് നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. ആയതു വഴി ഗ്രാമ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പ്രവർത്തന കാര്യക്ഷമത
</td>
</tr>
</table>

| | | | |
|---|---|---|---|
| | തീരുമാനിച്ചിട്ടുണ്ടോ; ഇതുവഴി എന്തൊക്കെ നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ? | | വർദ്ധിപ്പിക്കുന്നതിന് സാധിക്കും. സ്വയം വിമർശനപരമായി ചുമതലകളുടെയും ഉത്തരവാദിത്തങ്ങളുടെയും നിർവ്വഹണത്തെ വിലയിരുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജനങ്ങൾക്കും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ